# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 30.11.2024 മുതൽ 04.12.2024 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എസ്.ഡി. - 96/2024 | തീയ്യതി: 29/11/2024 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00 | 33.0 – 34.0 | 20.5 – 23.0 | 58 – 96 | 00 – 01 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 30-11-2024 | 01-12-2024 | 02-12-2024 | 03-12-2024 | 04-12-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0.1 | 0.1 | 2 | 10 | 1 |
| കൂടിയതാപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞതാപനില, °C | 20 | 20 | 20 | 20 | 20 |
| കൂടിയആപേക്ഷികആർദ്രത, % | 68 | 68 | 92 | 92 | 92 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 46 | 46 | 72 | 72 | 72 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 2 | 4 | 6 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 290 | 320 | 320 | 180 |
| മേഘവിന്യാസം, ഒക്ടാ | 6 | 6 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും.<br>നവംബർ 29,30 ന് ശക്തി കുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ).<br>ഡിസംബർ 1,3 ന് ഒറ്റപ്പെട്ട ശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.5 മില്ലിമുതൽ 115.5 മില്ലി വരെ).<br>ഡിസംബർ 2 ന് ഒറ്റപ്പെട്ട അതിശക്തമായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.4 മില്ലിമുതൽ 204.4 മില്ലി വരെ). | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | ശക്തമായ മഴയിൽ അമിതമായി വെള്ളക്കെട്ടുണ്ടായിരിക്കുന്ന ഇടങ്ങളിൽ നീർ വാർച്ച അനുവദിക്കുക.<br>പാകമായ വിളകൾ വിളവെടുക്കുകയും, വേഗത്തിൽ സംഭരിക്കാൻ കൊണ്ടുപോകുകയും ചെയ്യുക. വിളവെടുത്ത വിളകൾ വയലിലോ തുറസ്സായ സ്ഥലങ്ങളിലോ കൂമ്പാരമാക്കിയിടരുത്.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>കീടനാശിനി പശ ചേർത്തു തളിക്കുക.<br>ഇടിമിന്നലുള്ള സമയങ്ങളിൽ പാടത്തു പണിയെടുക്കരുത്.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br>കാറ്റും മഴയും ഉള്ളപ്പോൾ മരത്തണലുകിളിലും ബലക്ഷയമുള്ള കെട്ടിടങ്ങളിലും അഭയം പ്രാപിക്കരുത്. | | |
| നെല്ല് | വിവിധ ഘട്ടം | ഇലകരിച്ചിൽ<br> | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി (ഏക്കറിന് 2 കിലോ എന്ന തോതിൽ പാടത്തേക്കു വെള്ളം കയറുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക.<br>രോഗാധിക്യം ഉണ്ടെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ (ഏക്കറിന് 30 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി) തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കരിക്ക് പൊഴിച്ചിൽ<br> | കരിക്ക് പൊഴിച്ചിൽ കാണുകയും പൊഴിഞ്ഞു വീഴുന്ന മച്ചിങ്ങയുടെ മൊത്തിനു ചുറ്റും കൃത്യമായ അതിരുകളുള്ള അൽപ്പം കുഴിഞ്ഞ പാടുകൾ കാണുകയും ആണെങ്കിൽ പ്രൊപ്പിക്കോണസോൾ 1 മില്ലി അല്ലെങ്കിൽ ഹെക്സാകോണസോൾ 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കിയ ലായനിയിൽ അഗ്രോവെറ്റ് പശ ഒരു മില്ലി ലിറ്റർ വീതം കലർത്തി കുലകളിൽ തളിക്കണം . |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം<br> | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |

| | | | |
|---|---|---|---|
| വെള്ളരി വർഗ്ഗ വിള | കായ പിടിക്കുന്ന ഘട്ടം | കായീച്ച  | തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക.<br><br>2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| തക്കാളി | വളർച്ചാ ഘട്ടം | വാട്ടം  | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക<br><br>അല്ലെങ്കിൽ<br><br>അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | ഇല കരിച്ചിൽ  | രോഗബാധയുള്ള തോട്ടങ്ങളിൽ പ്രൊപ്പിക്കോണസോൾ 1 മില്ലി അല്ലെങ്കിൽ ഹെക്സാകോണസോൾ 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് 14 ദിവസത്തിനു ശേഷം കോപ്പർ ഓക്സിക്ലോറൈഡ് )2-3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ( തളിച്ചു കൊടുക്കണം.<br><br>വിള ആരോഗ്യം മെച്ചപ്പെടുത്തുക: ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ജൈവവളം മണ്ണിൽ ചേർക്കുക. അരക്കിലോ വീതം കുമ്മായംഡോളോമൈറ്റ്/, കാൽകിലോ രാജ്ഫോസ്, കാൽകിലോ പൊട്ടാഷ്, 150 ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 50 ഗ്രാം ബോറാക്സ് എന്നിവ ഇട്ടു കൊടുക്കുകകുമ്മായമിട് .ട് 10 ദിവസം കഴിഞ്ഞു വേണം മറ്റു വളങ്ങൾ ചെയ്യുവാൻ .<br><br>അമിത ജലസേചനം രോഗബാധ കൂട്ടുമെന്നതിനാൽ ജലസേചനം നിയന്ത്രിക്കണം. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)